# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം- 686560

ഫോൺ:0481-2733512


## വാർത്താക്കുറിപ്പ്

**2023 മെയ് 12**

---

*ഔപചാരിക ഉദ്ഘാടനം ഇന്ന്*

## രാജ്യാന്തര നാനോ സയൻസ് സമ്മേളനത്തിന് തുടക്കമായി

രാജ്യാന്തര നാനോ സയൻസ് സമ്മേളനത്തിന് മഹാത്മാ ഗാന്ധി സർവകലാശാലയിൽ തുടക്കമായി. സ്കൂൾ ഓഫ് കെമിക്കൽ സയൻസസ് ഓഡിറ്റോറിയത്തിൽ പോളിഷ് അക്കാദമി ഓഫ് സയൻസസിലെ പ്രഫ. ആന്ദ്രെ ഗാലെസ്കി ആദ്യ പ്രഭാഷണം നിർവഹിച്ചു.

വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, ജൊഹാനസ് ബർഗ് സർവകലാശാലയിലെ ഗവേഷകനായ ഡോ. സാമുവൽ ഓലുവാതോബി, ഡോ. അഭിലാഷ് ബാബു, ഡോ. എം.എസ്. ശ്രീകല തുടങ്ങിയവർ പങ്കെടുത്തു.

സമ്മേളനത്തിൻറെ ഔപചാരിക ഉദ്ഘാടനം ഇന്ന്(മെയ് 13) രാവിലെ 11.30ന് മുഖ്യമന്ത്രി പിണറായി വിജയൻ ഓൺലൈനിൽ നിർവഹിക്കും. ചടങ്ങിൽ പൂർവ്വ വിദ്യാർഥി കൂട്ടായ്മയുടെ നേതൃത്വത്തിൽ വൈസ് ചാൻസലറെ ആദരിക്കും.

ആദ്യ ദിവസം ബനാറസ് ഹിന്ദു സർവകലാശാലയിലെ പ്രഫ. ദേബബ്രത ദാസ്, പ്രഫ. ഹരിലാൽ പ്രമാണിക്, ഗുവഹാത്തി ഐ.ഐ.ടിയിലെ പ്രഫ. എസ്. രവി, കാനഡയിലെ മക്ഗിൽ സർവകലാശയിലെ ഡോ. സജി ജോർജ്, ഡോ. ഹരിസിംഗ് ഗൗർ സെൻട്രൽ യൂണിവേഴ്സിറ്റിയിലെ പ്രഫ. രത്നേഷ് ദാസ്, കൊൽക്കത്ത സർസുന കോളജിലെ ഡോ. സഞ്ജയ്ത ലാല, കോയമ്പത്തൂർ നെഹ്റു കോളജിലെ ഡോ. ദിപ മുണ്ടെക്കാട്, ഹൈദരാബാദ് ഐ.ഐ.സി.ടിയിലെ ഡോ. വസുന്ധര മുത്ത, അണ്ണാമല സർവകലാശാലയിലെ ഡോ. എം. ശ്രീനിവാസൻ, അരിഗർ അണ്ണ കോളജിലെ ഡോ. ആർ രമേഷ്, അരിയാലൂർ ഗവൺമെൻറ് ആർട്സ് കോളജിലെ ഡോ. എം. കണ്ണൻ എന്നിവരും പ്രഭാഷണം നടത്തി.

എം.ജി. സർവകലാശാലയിലെ ഇൻറർ നാഷണൽ ആൻറ് ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ നാനോ സയൻസ് ആൻറ് നാനോ ടെക്നോളജിയും സ്കൂൾ ഓഫ് എനർജി മെറ്റീരിയൽസും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിക്കുന്നത്. നാനോടെക്നോളജി, പോളിമെർ സയൻസ് എന്നിവയുമായി ബന്ധപ്പെട്ട വിവിധ വിഷയ മേഖലകളിലെ ഏറ്റവും പുതിയ പ്രവണതകൾ, കണ്ടെത്തലുകൾ, വ്യാവസായിക സാധ്യതകൾ, വെല്ലുവിളികൾ എന്നിവ

സമ്മേളനം ചർച്ച ചെയ്യും. ഓൺലൈനിലും ഓഫ്‌ലൈനിലുമായി വിവിധ രാജ്യങ്ങളിൽനിന്നുള്ള 350 വിദഗ്ധർ പങ്കെടുക്കുന്നുണ്ട്.

..........

**ഫോട്ടോ ക്യാപ്ഷൻ...**

മഹാത്മാ ഗാന്ധി സർവകലാശാലയിൽ രാജ്യാന്തര നാനോസയൻസ് സമ്മേളനത്തിൽ പോളിഷ് അക്കാദമി ഓഫ് സയൻസസിലെ പ്രഫ. ആന്ദ്രെ ഗാലെസ്കി പ്രഭാഷണം നടത്തുന്നു. ഡോ. എം.എസ്. ശ്രീകല, ഡോ. സാമുവൽ ഓലുവാതോബി, വൈസ് ചാൻസലർ പ്രഫ. സാബു തോമസ്, ഡോ. അഭിലാഷ് ബാബു എന്നിവർ സമീപം.

(പി.ആർ.ഒ/39/502/2023)

## കായിക പ്രതിഭകൾക്ക് എം.ജി. സർവകലാശാലയുടെ ആദരം 16ന്

അഖിലേന്ത്യാ അന്തർ സർവകലാശാലാ കായിക മേളകളിൽ വിജയം നേടിയ വിദ്യാർഥികളെ മഹാത്മാ ഗാന്ധി സർവകലാശാല മെരിറ്റ് അവാർഡ് നൽകി ആദരിക്കുന്നു. സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ആന്റ് സ്പോർട്സ് സയൻസസിന്റെ ആഭിമുഖ്യത്തിൽ മെയ് 16ന് രാവിലെ 11.30ന് അസംബ്ലി ഹാളിൽ നടക്കുന്ന പരിപാടിയിൽ വൈസ് ചാൻസലർ സാബു തോമസും അർജ്ജുന അവാർഡ് ജേതാവും മുൻ രാജ്യാന്തര വോളിബോൾ താരവുമായ ടോം ജോസഫും വിശിഷ്ടാതിഥികളായി പങ്കെടുക്കും.

ചടങ്ങിനു മുന്നോടിയായി കായിക താരങ്ങളെ വരവേൽക്കുന്ന വിളംബര ഘോഷയാത്ര 10.30ന് സർവകലാശാലാ കവാടത്തിൽ ആരംഭിക്കും. 2021-2022, 2022-2023 വർഷങ്ങളിൽ വിവിധ കായിക മത്സരങ്ങളിൽ വിജയികളായവരെയാണ് ആദരിക്കുന്നത്. 2021-2022 വർഷം കായിക മേഖലയിൽ മികവു പുലർത്തിയ കോളജുകൾക്കുള്ള പുരസ്കാരവും ചടങ്ങിൽ സമ്മാനിക്കും.

സിൻഡിക്കേറ്റ് അംഗം പി. ഹരികൃഷ്ണൻ അധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സിൻഡിക്കേറ്റ് അംഗം ഡോ. ബിജു തോമസ് മുഖ്യ പ്രഭാഷണം നിർവഹിക്കും. രജിസ്ട്രാർ ഡോ. ബി. പ്രകാശ് കുമാർ, സ്കൂൾ ഓഫ് ഫിസിക്കൽ എജ്യുക്കേഷൻ ഡയറക്ടർ ഡോ. ബിനു ജോർജ് വർഗീസ്, ഫിസിക്കൽ എജ്യുക്കേഷൻ ടീച്ചേഴ്സ് അസോസിയേഷൻ പ്രസിഡന്റ് ഷാജി ജോസ്, പത്തനംതിട്ട കാതോലിക്കേറ്റ് കോളജിലെ ഡോ. ശോശാമ്മ ജോൺ, എം.ജി. സർവകലാശാലാ വോളിബോൾ പരിശീലകൻ അനിൽകുമാർ, അനന്തു ജി. കൃഷ്ണൻ എന്നിവർ സംസാരിക്കും.

(പി.ആർ.ഒ/39/503/2023)

## ഐ.യു.സി.ഡി.എസിൽ എം.എസ്.ഡബ്ല്യു

മഹാത്മാഗാന്ധി സർവകലാശാലയിലെ ഇൻറർ യൂണിവേഴ്സിറ്റി സെൻറർ ഫോർ ഡിസെബിലിറ്റി സ്റ്റഡീസിൽ(ഐ.യു.സി.ഡി.എസ്) പുതിയതായി ആരംഭിക്കുന്ന മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്(എം.എസ്.ഡബ്ല്യു) പ്രോഗ്രമിലേക്ക് അപേക്ഷ ക്ഷണിച്ചു.

ഏതെങ്കിലും വിഷയത്തിൽ ബിരുദമുള്ളവർക്ക്(സയൻസ് വിഷയത്തിൽ ഓപ്പൺ കാറ്റഗറി - 55 ശതമാനം മാർക്കും പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർക്ക് 45 ശതമാനം മാർക്കും, മാനവിക വിഷയങ്ങൾക്ക് ഓപ്പൺ കാറ്റഗറിയിൽ 50 ശതമാനം മാർക്കും, പട്ടികജാതി പട്ടിക വർഗ വിഭാഗങ്ങളിൽ പെട്ടവർക്ക് 45 ശതമാനം മാർക്കും) കോഴ്സിലേയ്ക്ക്

അപേക്ഷിക്കാം.

അപേക്ഷാഫോറം www.iucds.mgu.ac.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. ഫോൺ: 0481 2731580, ഇ-മെയിൽ: iucdsmgu@mgu.ac.in

(പി.ആർ.ഒ/39/504/2023)

## പരീക്ഷാ കേന്ദ്രം

മെയ് 16ന് തുടങ്ങുന്ന പ്രൈവറ്റ് രജിസ്ട്രേഷൻ മൂന്ന്, നാല് സെമസ്റ്ററുകൾ എം.എ, എം.കോം, എം.എസ്.സി(2020 അഡ്മിഷൻ റഗുലർ, 2019 അഡ്മിഷൻ സപ്ലിമെൻററി) പരീക്ഷകളുടെ പരീക്ഷാകേന്ദ്രം സംബന്ധിച്ച വിജ്ഞാപനം സർവകലാശാലാ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചു.

വിദ്യാർഥികൾ തങ്ങൾ രജിസ്റ്റർ ചെയ്ത സെൻററിൽ നിന്നും ഹാൾ ടിക്കറ്റുകൾ കൈപ്പറ്റി അനുവദിച്ചിരിക്കുന്ന കേന്ദ്രങ്ങളിൽ പരീക്ഷയ്ക്ക് ഹാജരാകണം.

(പി.ആർ.ഒ/39/505/2023)

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

ഒന്നാം സെമസ്റ്റർ എം.എ, എം.എസ്.സി, എം.കോം, എം.സി.ജെ, എം.എസ്.ഡബ്ല്യു, എം.എച്ച്.എം, എം.എം.എച്ച്, എം.ടി.എ, എം.ടി.ടി.എം(സി.എസ്.എസ് - 2018,2017 അഡ്മിഷനുകൾ സപ്ലിമെൻററി, 2016,2015,2014 അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകൾക്ക് മെയ് 24 വരെ ഫീസടച്ച് അപേക്ഷ നൽകാം.

മെയ് 25 വരെ ഫൈനോടു കൂടിയും മെയ് 26 വരെ സൂപ്പർ ഫൈനോടു കൂടിയും അപേക്ഷ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/506/2023)

## പരീക്ഷാ തീയതി

തൃപ്പൂണിത്തുറ, ആർ.എൽ.വി കോളേജ് ഓഫ് മ്യൂസിക് ആൻറ് ഫൈൻ ആർട്സിലെ ഒന്ന്, രണ്ട് സെമസ്റ്ററുകൾ എം.എഫ്.എ(2021,2020 അഡ്മിഷൻ റഗുലർ,2019 അഡ്മിഷൻ സപ്ലിമെൻററി), ഒന്നാം വർഷം (2018,2017,2016 അഡ്മിഷനുകൾ സപ്ലിമെൻററി) തിയറി പരീക്ഷകൾ ജൂൺ ആറിന് തുടങ്ങും. വിശദമായ ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/507/2023)

## പരീക്ഷാ ഫലം

2022 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ മാസ്റ്റർ ഓഫ് സോഷ്യൽ വർക്ക്(2021 അഡ്മിഷൻ റഗുലർ, 2020 അഡ്മിഷൻ ഇംപ്രൂവ്മെൻറ്, 2020,2019 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയക്കും മെയ് 27 വരെ ഓൺലൈനിൽ ഫീസ് അടച്ച് അപേക്ഷിക്കാം.

.........................

2022 ഓഗസ്റ്റിൽ നടത്തിയ എം.ബി.എ രണ്ടാം സെമസ്റ്റർ(2021 അഡ്മിഷൻ റഗുലർ, 2019,2020 അഡ്മിഷനുകൾ സപ്ലിമെൻററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർ മൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയക്കും മെയ് 27 വരെ ഫീസ് അടച്ച് പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ/39/508/2023)

**പബ്ലിക് റിലേഷൻസ് ഓഫീസർ**